**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 273** **23-08-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിലെ മരുന്നിന്റെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചില മരുന്നുകൾക്ക് ലഭ്യതക്കുറവ് നേരിട്ടിരുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ആശുപത്രികളിലെ മരുന്നുകളുടെ ഉപഭോഗത്തിൽ വലിയ വ്യത്യാസങ്ങൾ ഉണ്ടായി. രണ്ട് വർഷത്തോളം മിക്ക ആശുപത്രികളും പൂർണ്ണമായി കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചു. കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചിരുന്നയിടങ്ങളിൽ കോവിഡേതര മരുന്നുകളുടെ ഉപഭോഗം ഇക്കാലഘട്ടത്തിൽ കുറവായിരുന്നു. അതുകൊണ്ടു തന്നെ 2020-21, 2021-22 വർഷങ്ങളിൽ സംഭരിച്ച ജനറിക് മരുന്നുകൾ പല ആശുപത്രികളിലും സംഭരണ കേന്ദ്രങ്ങളിലും സ്റ്റോക്കുണ്ടായിരുന്നു. കോവിഡിനെ തുടർന്ന് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായി. പനി, മൂക്കടപ്പ്, ചുമ മുതലായവയ്ക്കുള്ള മരുന്നുകൾ വലിയതോതിൽ ഉപയോഗിക്കപ്പെടുന്ന സാഹചര്യം ഉണ്ടായി. ആശുപത്രികൾ നൽകുന്ന ഇൻഡന്റിലും ഈ ഏറ്റക്കുറച്ചിലുകൾ പ്രതിഫലിക്കപ്പെട്ടു. ഈ സാഹചര്യം വിലയിരുത്തി പ്രസ്തുത മരുന്നുകൾ ലഭ്യമായ മറ്റ് ജില്ലകളിലെ സ്ഥാപനങ്ങളിൽ നിന്നും, കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങളിൽ നിന്നും കൈമാറ്റ പ്രക്രിയയിലൂടെ ടി ഇനങ്ങൾക്ക് കുറവ് നേരിട്ട ജില്ല / സ്ഥാപനങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഇതു കൂടാതെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും, സമാന കോർപ്പറേഷൻ മുഖേനയും മരുന്നുകൾ സംഭരിച്ച് നൽകിയിട്ടുണ്ട്. വിവിധ സ്കീമുകളിലൂടെയും രോഗികൾക്ക് മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്.** |
| (ബി) | മരുന്നുകൾ വാങ്ങുന്നതിന് കാരുണ്യ പദ്ധതിയിൽ നിന്നും ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | **സർക്കാർ ആശുപത്രികളിലേയ്ക്കുള്ള അവശ്യമരുന്നു സംഭരണത്തിനായി കാരുണ്യ ഫണ്ട് വിനിയോഗിച്ചിട്ടില്ല** |

| | | | |
|---|---|---|---|
| (സി) | മരുന്ന് വാങ്ങലുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (സി) | **സാധാരണയായി അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നിന്റെ ടെണ്ടർ നടപടികൾ നവംബർ, ഡിസംബർ മാസങ്ങളിലാണ് ആരംഭിക്കുന്നത്. പർച്ചേസ് ഓർഡർ ലഭിച്ച് 70 ദിവസത്തിനകം മരുന്ന് ലഭ്യമാക്കണമെന്നാണ് മാനദണ്ഡം. ഒരു സാമ്പത്തിക വർഷം ലഭ്യമാക്കിയ മരുന്നുകൾ ആ സാമ്പത്തിക വർഷം കഴിഞ്ഞ് ആഗസ്റ്റ് വരെ ഉപയോഗത്തിന് ലഭ്യമാകാറുണ്ട്. നടപ്പ സാമ്പത്തിക വർഷം (2022-23)സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ ജനറിക് മരുന്നുകൾ സംഭരിച്ച് നൽകുന്നതിനുള്ള ദർഘാസ് 04.12.2021-ന് ക്ഷണിച്ചിരുന്നു.** |
| (ഡി) | സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | **ആവശ്യമായ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും, വിവിധ സ്കീമുകൾ മുഖേനയും ലഭ്യമാക്കി വരുന്നു. കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തെ ദർഘാസ് പ്രകാരം നല്കിയ ആദ്യഘട്ട വിതരണോത്തരവുകളനുസരിച്ചുള്ള മരുന്നുകളുടെ വിതരണം ആഗസ്റ്റ് മാസം 30 ഓടെ പൂർണ്ണതോതിൽ എത്തിക്കുന്നതിന് കോർപ്പറേഷന്റെ ഭാഗത്തുനിന്നും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**<br><br>**സർക്കാർ ആശുപത്രികളിൽ ചിലയിനം മരുന്നുകൾക്ക് നേരിട്ടിരുന്ന ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.**<br><br>**ലഭ്യതക്കുറവുള്ള മരുന്നിനങ്ങൾ പ്രസ്തുത മരുന്നുകൾ ലഭ്യമായ ജില്ലകളിലെ ആശുപത്രികളിൽ നിന്നും / ജില്ലാ മരുന്നു സംഭരണശാലകളിൽ നിന്നും കൈമാറ്റ പ്രക്രിയയിലൂടെ മരുന്നുകൾ ആവശ്യമായ ആശുപത്രികളിൽ എത്തിച്ച നൽകിയിട്ടുണ്ട്.**<br><br>**അത്യാവശ്യ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും ലഭ്യമാക്കിയിരുന്നു.**<br><br>**നടപ്പ് സാമ്പത്തിക വർഷത്തെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് വിതരണക്കാരെ ലഭ്യമായ ഇനങ്ങൾക്ക് 2022 മേയ് മാസം വിതരണാനുമതിയും ആദ്യഘട്ട വിതരണോത്തരവുകളും നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള മരുന്നുകൾ നിലവിൽ എത്തിച്ചേർന്നിട്ടുണ്ട്. ആഗസ്റ്റ് മാസം 30നുള്ളിൽ പ്രസ്തുത മരുന്നുകൾ പൂർണ്ണതോതിൽ എത്തിക്കുന്നതിനുള്ള നടപടികൾ** |

സെക്ഷൻ ഓഫീസർ